പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1912 26-10-2026-ൽ മറുപടിയ്ക്ക്

ദേശസാത്കൃത ഷെഡ്യൂൾഡ് ബാങ്കുകളിലെ മിനിമം ബാലൻസ് വ്യവസ്ഥ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീമതി ഒ. എസ്. അംബിക	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) സംസ്ഥാനത്തെ ദേശസാത്കൃത ഷെഡ്യൂൾഡ് ബാങ്കുകളിൽ എല്ലാ അക്കൗണ്ട് ഉടമകളും മിനിമം ബാലൻസ് നിലനിർത്തണമെന്ന വ്യവസ്ഥ കർശനമായി പാലിക്കുന്നതും സീറോ ബാലൻസ് അക്കൗണ്ടുകൾ നിഷേധിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: രാജ്യത്തെ ഭൂരിഭാഗം ദേശസാൽകൃത ബാങ്കുകളും തങ്ങളുടെ ജനറൽ സേവിംഗ്സ് അക്കൗണ്ടുകളിൽ മിനിമം ബാലൻസ് നിലനിർത്താത്തതിനുള്ള പിഴ ഈടാക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്. ഇതിൽ സംസ്ഥാനത്തെ ബ്രാഞ്ച് ശൃംഖലയുടെയും ബിസിനസ്സിന്റെയും കാര്യത്തിൽ മുന്നിൽ നിൽക്കുന്ന പ്രമുഖ പൊതുമേഖലാ ബാങ്കുകളായ കനറാ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ബാങ്ക് ഓഫ് ബറോഡ എന്നിവയും ഉൾപ്പെടുന്നു. എന്നാൽ, കൂടുതൽ സൗകര്യങ്ങളും ആനുകൂല്യങ്ങളും നൽകുന്ന പ്രീമിയം സേവിംഗ്സ് അക്കൗണ്ട് വേരിയന്റുകൾക്കും കറന്റ് അക്കൗണ്ടുകൾക്കും ബാങ്കുകളുടെ ബോർഡ് അംഗീകരിച്ച നയങ്ങൾക്ക് വിധേയമായി മിനിമം ബാലൻസ് നിബന്ധനകൾ നിലനിൽക്കുന്നുണ്ട്. പ്രവർത്തനരഹിതമായ അക്കൗണ്ടുകളിൽ മിനിമം ബാലൻസ് ഇല്ലാത്തതിന്റെ പേരിൽ ബാങ്കുകൾ പിഴ ഈടാക്കാൻ പാടില്ലെന്നും, മിനിമം ബാലൻസ് ചാർജ്ജുകൾ കാരണം സേവിംഗ് അക്കൗണ്ടിലെ ബാലൻസ് പൂജ്യത്തിനും താഴേക്ക് അഥവാ നെഗറ്റീവിലേക്ക് മാറാൻ പാടില്ലെന്നും റിസർവ്വ് ബാങ്ക് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സീറോ ബാലൻസ് അക്കൗണ്ടുകളെ സംബന്ധിച്ചിടത്തോളം, റിസർവ്വ് ബാങ്ക് മാർഗ്ഗനിർദ്ദേശപ്രകാരം മിനിമം ബാലൻസ് നിബന്ധനകളില്ലാതെ ബേസിക് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് സൗകര്യം ഉപഭോക്താക്കൾക്ക് നൽകാൻ എല്ലാ ബാങ്കുകളും ബാധ്യസ്ഥരാണ്. ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെയുള്ള എല്ലാ ബാങ്കുകളും മിനിമം ബാലൻസ് നിബന്ധനകളില്ലാതെ റിസർവ്വ് ബാങ്ക് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ബേസിക് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് അഥവാ സീറോ ബാലൻസ് അക്കൗണ്ടുകൾ നൽകിവരുന്നുണ്ട്.

(ബി) വിവിധ ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നവർക്ക് സീറോ ബാലൻസ് അക്കൗണ്ടുകൾ നിഷേധിക്കുന്നതു മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മറുപടി: റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ബേസിക് സേവിംഗ്സ് ബാങ്ക് ഡെപ്പോസിറ്റ് അക്കൗണ്ടുകളിൽ പണം നിക്ഷേപിക്കാനും, ഇലക്ട്രോണിക് ചാനലുകൾ വഴിയോ ചെക്ക് വഴിയോ പണം സ്വീകരിക്കാനും, എടിഎം/ഡെബിറ്റ് കാർഡ്, പ്രതിവർഷം 25 ലീഫുകളുള്ള ചെക്ക് ബുക്ക്, ഇന്റർനെറ്റ് / മൊബൈൽ ബാങ്കിംഗ്, പാസ്ബുക്ക് അല്ലെങ്കിൽ പ്രതിമാസ സ്റ്റേറ്റ്മെന്റ്, മാസത്തിൽ കുറഞ്ഞത് നാല് സൗജന്യ പണം പിൻവലിക്കലുകൾ തുടങ്ങിയ നിശ്ചിത അടിസ്ഥാന ബാങ്കിംഗ് സൗകര്യങ്ങളാണ് ബാങ്കുകൾ യാതൊരുവിധ ചാർജ്ജുകളുമില്ലാതെ സൗജന്യമായി നൽകേണ്ടത്. ഇതിൽ കൂടുതൽ സവിശേഷതകളോ അധിക സേവനങ്ങളോ ബാങ്കുകൾ വ്യവസ്ഥകൾക്ക് വിധേയമായി നൽകിയേക്കാം. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ ക്ഷേമ പദ്ധതികൾ, സ്കോളർഷിപ്പുകൾ, സാമ്പത്തിക സഹായങ്ങൾ എന്നിവ ലഭിക്കുന്ന ഗുണഭോക്താക്കൾക്കായി പ്രധാൻ മന്ത്രി ജൻ ധൻ യോജന (PMJDY) അക്കൗണ്ടുകൾ ഉൾപ്പെടെയുള്ള ബേസിക് സേവിംഗ്സ് ബാങ്ക് ഡെപ്പോസിറ്റ് അക്കൗണ്ടുകൾ (BSBDA) മിനിമം ബാലൻസ് നിബന്ധനകളില്ലാതെ ബാങ്കുകൾ ലഭ്യമാക്കുന്നുണ്ട്. കൂടാതെ, വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ് ആവശ്യങ്ങൾക്ക്മാത്രമായ അക്കൗണ്ടുകളിൽ മിനിമം ബാലൻസ് നിബന്ധന ഏർപ്പെടുത്തരുത് എന്നും ആർ.ബി.ഐ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. സീറോ ബാലൻസ് അക്കൗണ്ടുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ബാങ്കുകളിൽ നിന്ന് ബുദ്ധിമുട്ടുകളോ നിഷേധമോ ഉണ്ടായാൽ, ഉപഭോക്താക്കൾക്ക് ബന്ധപ്പെട്ട ബാങ്കിന്റെ സ്വന്തം ആഭ്യന്തര പരാതി പരിഹാര സെല്ലിനെ (Internal Grievance Redressal Cell) സമീപിക്കാവുന്നതാണ്. അവിടെ നിന്നും തൃപ്തികരമായ മറുപടിയോ പരിഹാരമോ ലഭ്യമല്ലാത്ത പക്ഷം, ഉപഭോക്താക്കൾക്ക് റിസർവ് ബാങ്കിന്റെ ബാങ്കിംഗ് ഓംബുഡ്സ്മാൻ സംവിധാനത്തെയും (RBI-Banking Ombudsman) സമീപിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ